**<u>15 -ാം കേരള നിയമസഭ</u>**

**<u>2 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 55</u>** **<u>22-07-2021 - ൽ മറുപടിയ്ക്ക്</u>**

**<u>എം.എൽ.എ. ആസ്തി വികസന ഫണ്ട്</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | എം.എൽ.എ. മാരുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 2020-21 വർഷത്തെ പ്രൊപ്പോസൽ സമർപ്പിക്കുന്നതിനുള്ള തീയതി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ? | (എ) | എം.എൽ.എ. മാരുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 2020-21 വർഷത്തെ പ്രൊപ്പോസൽ സമർപ്പിക്കുന്നതിനുള്ള സമയപരിധി 14.07.2021 തീയതിയിലെ സ.ഉ.(സാധാ.)നം.4957/2021/ധന പ്രകാരം 31/12/2021 വരെ ദീർഘിപ്പിച്ച് നൽകി ഉത്തരവായിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ - മാതൃഭാഷ"

# കേരള സർക്കാർ

## സംഗ്രഹം

**ധനകാര്യവകുപ്പ് - നിയോജകമണ്ഡല ആസ്തിവികസനപദ്ധതി (LAC ADS) 2020-21 - പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള സമയപരിധി ദീർഘിപ്പിച്ച് നൽകി ഉത്തരവാകുന്നു.**

---

**ധനകാര്യ (നോഡൽ സെന്റർ - ബി) വകുപ്പ്**

**സ.ഉ.(സാധാ.) നം.4957/2021/ധന.** **തിരുവനന്തപുരം, തീയതി 14.07.2021**

---

**പരാമർശം :** സ.ഉ(അച്ചടി) നം.119/2018/ധന തീയതി 04/08/2018

**<u>ഉത്തരവ്</u>**

നിയോജകമണ്ഡല ആസ്തിവികസനപദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ സൂചനയിലെ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. നിയോജകമണ്ഡല ആസ്തിവികസന പദ്ധതിയിൻ കീഴിൽ 2020-21 സാമ്പത്തിക വർഷത്തിൽ സമർപ്പിയ്ക്കപ്പെട്ടിട്ടുള്ള പ്രവൃത്തികൾക്ക് 31/03/2021-ന് മുൻപായി ഭരണാനുമതി നൽകേണ്ടിയിരുന്നു. എന്നാൽ, തദ്ദേശ സ്വയം ഭരണ തിരഞ്ഞെടുപ്പിന്റെ ഭാഗമായും നിയമസഭാ തിരഞ്ഞെടുപ്പിന്റെ ഭാഗമായും പെരുമാറ്റചട്ടം നിലവിലുണ്ടായിരുന്നതിനാൽ ടി കാലയളവിൽ ഭരണാനുമതി നൽകുന്നതിനു സാധിക്കാതിരുന്ന പശ്ചാത്തലത്തിൽ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള സമയപരിധി ദീർഘിപ്പിച്ച് നൽകണമെന്ന് ബഹു. എം.എൽ.എ മാർ ആവശ്യപ്പെട്ടിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ LAC ADS 2020-21 **സാമ്പത്തിക വർഷത്തിൽ ബഹുമാനപ്പെട്ട മുൻ എം.എൽ.എ മാർ ശുപാർശ ചെയ്തിരുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള സമയപരിധി 31/12/2021 വരെ ദീർഘിപ്പിച്ച് നൽകി ഉത്തരവാകുന്നു.**

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**കെ.എസ്.ഉഷ**
**അഡിഷണൽ സെക്രട്ടറി (ധനകാര്യം)**

**പകർപ്പ് :**

1. എല്ലാ എം.എൽ.എ. മാർക്കും.
2. എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്-II)കേരള, തിരുവനന്തപുരം.

5. എല്ലാ വകുപ്പ് തലവൻമാർക്കും.
6. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
7. സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
8. ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
9. പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
10. ധനകാര്യ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
11. മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
12. എല്ലാ വകുപ്പ് സെക്രട്ടറിമാർക്ക്.
13. എല്ലാ ജില്ലാ കളക്ടർമാർക്കും.
14. ട്രഷറി ഡയറക്ടർക്ക്.
15. നോഡൽ ഓഫീസർ, www.finance.kerala.gov.in.
16. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി. [E-427673]

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ